പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.581 08.08.2017 ൽ മറുപടിയ്ക്ക്

# സർക്കാർ സർവ്വീസിൽ കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിന് നടപടി

ചോദ്യം

ശ്രീ.സി.കെ. ഹരീന്ദ്രൻ

മറുപടി

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സർക്കാർ സർവ്വീസിൽ കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനായുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | എ) | ഓരോ വർഷവും സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന നിശ്ചിത ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയും ലഭ്യമാകുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തിയതിനു ശേഷം കായിക നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുന്നു. പ്രസ്തുത സെലക്റ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ ഓരോ തസ്തികയിലും നിശ്ചയിച്ചിട്ടുള്ള ഒഴിവുകൾക്ക് ആനുപാതികമായിട്ടാണ് കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കായികതാരങ്ങൾക്ക് നേരിട്ട് നിയമനം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ? | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് മെഡലുകൾ കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നേരിട്ട് നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ